"ഭരണഭാഷ- മാതൃഭാഷ"

നമ്പർ.സി1-2755/19/എൽ.ഡിസ്.

മേഖലാ നഗരാസൂത്രണ കാര്യാലയം,
An ISO 9001 2015 Certified Office
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി. 13/08/2019 .
ഫോൺ: 0495-2369300
ഇ-മെയിൽ:**tcpdkkd@gmail.com**

നഗരാസൂത്രക,
കോഴിക്കോട്.

സെക്രട്ടറി,
വടകര നഗരസഭ.

സർ,

വിഷയം:- വടകര നഗരസഭ, വാർഡ് 25-ൽ റീ.സർവെ 221/6ബി-യിൽ ഒരു വാണിജ്യ-താമസ കെട്ടിട നിർമാണത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 19/07/2019-ലെ റ്റിപി2ബിഎ-132/09-10 നമ്പർ കത്ത്.

.....

വടകര നഗരസഭ, വാർഡ് 25-ൽ റീ.സർവെ 221/6ബി-യിൽ തന്നിരിക്കുന്ന പ്ലാൻ പ്രകാരം 1999-ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിനു അനുസൃതമായി വാണിജ്യ-താമസ കെട്ടിടനിർമാണത്തിന് താഴെപറയുന്ന നിബന്ധനയിൽ അനുമതി നൽകുന്നത് അംഗീകരിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു.

1. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം,അതിരുകൾ, തരം മുതലായവ കെ.എം.ബി.ആർ 99-ലെ ചട്ടം 11 പ്രകാരം സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.എം.ബി.ആർ 99-ലെ ചാപ്റ്റർ xx-നു വിധേയമായി കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്.
3. കെട്ടിടത്തിന്റെ മുൻഭാഗത്ത് ഓപ്പൺസ്പേസ് 3 മീറ്റർ ലഭ്യമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
4. ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള toilet-ന്റെ ഉയരം 2.2 മീറ്റർ ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

താങ്കളുടെ എഴുത്തിനോടൊപ്പം കിട്ടിയ പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

നഗരാസൂത്രക, കോഴിക്കോട്

ഉള്ളടക്കം: മേൽപ്പറഞ്ഞവ

DESPATCHED
Date 21/8/19

ക21082019